# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5124

28-10-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. ആർ.രാമചന്ദ്രൻ :<br>ശ്രീ. വി.ആർ.സുനിൽകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ലഭ്യമാകാത്ത എന്തെങ്കിലും കേന്ദ്ര ആനുകൂല്യം കുളച്ചൽ പദ്ധതിക്ക് ലഭ്യമായതായി വിവരം ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ? | കേന്ദ്ര സർക്കാറിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ 2016 ജൂലൈ 5-ാം തീയതി പുറത്തിറക്കിയ കേന്ദ്ര മന്ത്രിസഭ തീരുമാനം വിശദമാക്കിയിട്ടുള്ള പത്ര കുറിപ്പ് പ്രകാരം ഇനയം (കുളച്ചൽ) തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രി സഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞത്തിൽ നിന്ന് വ്യത്യസ്തമായി കുളച്ചൽ ഒരു കേന്ദ്ര പദ്ധതിയായിരിക്കും. ഇതിനായി കേന്ദ്രം ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ പോർട്ട് ട്രസ്റ്റ് , വി.ഒ.സി പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തം ഉണ്ടാകുമെന്നും കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ